(സി) സംഘത്തിന്റെ ഷെയർ ഉടമകളുടെ ഡെപ്പോസിറ്റ് ഷെയർ, മറ്റാദായങ്ങൾ എന്തെങ്കിലും ലഭ്യമാകുവാനുള്ള സാഹചര്യം ഇന്നുണ്ടോ;

(ഡി) ടി സംഘത്തിൽ സഹകരണ ഉദ്യോഗസ്ഥൻ അഴിമതി നടത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഇ) സംഘം വക സ്വത്തുക്കൾ ലേലം ചെയ്തു വിൽക്കുന്നതിന് മുമ്പായി വേണ്ടത്ര പരസ്യം കൊടുത്തുകണ്ടില്ല എന്ന പരാതി ശരിയാണോ?

ഉത്തരം

(എ) കൊടുങ്ങല്ലൂർ കൊപ്രാ മാർക്കറ്റിംഗ് സഹകരണസംഘം 9-12-1974 മുതൽ ലിക്വിഡേഷനിലാണ്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) അങ്ങനെ പരാതി ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഇ) ശരിയല്ല.

ആലപ്പുഴ സ്റ്റീൽ കോംപ്ലക്സ്

1048 [1667] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്റ്റീൽ കോംപ്ലക്സിനു ആവശ്യമായ സ്ഥലമെടുപ്പ് നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) സ്ഥലം നഷ്ടപ്പെടുന്ന ആളുകൾക്ക് പകരം സ്ഥലം എടുത്തുകൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഗവൺമെന്റിന് അവിടത്തെ സ്ഥലവാസികളിൽനിന്ന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്ഥലം നഷ്ടപ്പെടുന്ന എല്ലാവർക്കും പകരം സ്ഥലം എടുത്തുകൊടുക്കുവാൻ പ്രയാസമാണ്. എന്നാൽ താമസസ്ഥലം നഷ്ടപ്പെടുന്ന അർഹതയുള്ള ചെറുകിട കൈവശക്കാർക്ക് പകരം താമസത്തിനുള്ള സ്ഥലം കൊടുക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) ഉണ്ട്.

(ഡി) നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ളകാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാനായി ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly